പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3623 23.08.2017-ൽ മറുപടിയ്ക്ക്

## കെ.എസ്.എഫ്.ഇ യുടെ ആധുനികവൽക്കരണം

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അനൂപ് ജേക്കബ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.എഫ്.ഇ.യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 33 ലക്ഷത്തോളം ഇടപാടുകാരും 33,225 കോടിയുടെ വാർഷിക വിറ്റുവരവും (2017 ജൂൺ 30 ന്റെ കണക്കനുസരിച്ച്) നിലവിലുണ്ട്. നിലവിൽ 568 ബ്രാഞ്ചുകളാണുള്ളത്. പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതോടുകൂടി കെ.എസ്.എഫ്.ഇ.യിൽ സമഗ്രമായി ഒരു വളർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വളർച്ചയെ ഉൾക്കൊള്ളാനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരുന്നു. ഉത്സവകാല ചിട്ടികൾ തിരിച്ച് കൊണ്ടുവന്നു. പൊന്നോണച്ചിട്ടികൾ, പുതുവർഷച്ചിട്ടികൾ എന്നിങ്ങനെ സമ്മാനത്തോടു കൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയപ്രദമായി നടപ്പിലാക്കി. കെ.എസ്.എഫ്.ഇ.യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊല്യൂഷൻ സോഫ്റ്റ് വെയർ ആയ CASBA (Core Application Software for Business Accounting) നടപ്പിലാക്കി. സ്ഥാപനത്തിന്റെ ആസ്ഥാന മന്ദിരം മോടി പിടിപ്പിക്കുക, ലോഗോ മാറ്റം, സൈൻ ബോർഡ് തുടങ്ങി എല്ലാത്തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങളും പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുവാനുള്ള അന്വേഷണങ്ങളും ആവിഷ്കരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.എഫ്.ഇ-യിൽ പ്രൊഫഷണൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കെ.എസ്.എഫ്.ഇ.യുടെ കാര്യനിർവഹണങ്ങൾക്കായി ഡയറക്ടർ ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പൊതുജന പ്രവർത്തകർക്കൊപ്പം സാമ്പത്തിക കാര്യമേഖലയിലും പ്രവർത്തിക്കുന്ന പ്രൊഫഷണലുകളേയും ഉൾപ്പെടുത്തി കൊണ്ടാണ് ഈ ബോർഡ് രൂപവത്ക്കരിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ സമ്പൂർണ്ണ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കോർബാങ്കിങ്ങിന് സമാനമായ CASBA (Core Application for Business Accounting) സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എല്ലാ ശാഖകളും ഈ സംവിധാനത്തിൽ കീഴിൽ ആണ് പ്രവർത്തിക്കുന്നത്. അതിനാൽ കെ.എസ്.എഫ്.ഇ. യിലെ ഏത് ശാഖയിലും മറ്റേത് ശാഖയിലേയ്ക്കുമുള്ള പണം അടയ്ക്കാവുന്നതാണ്. |
| (ഡി) | കെ.എസ്.എഫ്.ഇ യുടെ ആധുനികവൽക്കരണത്തിന് ഈ സംവിധാനങ്ങൾ എത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | കെ.എസ്.എഫ്.ഇ.യുടെ ആധുനികവത്ക്കരണത്തിന് ഈ മാറ്റങ്ങൾ ഗണ്യമായ തോതിൽ സഹായിച്ചിട്ടുണ്ട്. പുതിയ തലമുറയെ ആകർഷിക്കാൻ തക്കവിധം പൂർണ്ണമായും സാങ്കേതികമായ ഇടപാടുകളിലേയ്ക്കുള്ള പ്രധാനപ്പെട്ട കാൽവെയ്പ്പാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.